**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.225 — 09.03.2017 ന് മറുപടിയ്ക്ക്.

**വരൾച്ച വനമേഖലയ്ക്കുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ വർഷം അനുഭവപ്പെടുന്ന കടുത്ത വരൾച്ച സംസ്ഥാനത്തിന്റെ വനമേഖലയ്ക്കുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) 2016-ലെ തുലാവർഷത്തിലും കാലവർഷത്തിലും കാര്യമായ കുറവ് വന്നിട്ടുള്ളതും വേനൽമഴയുടെ അഭാവവും കടുത്ത വരൾച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വനമേഖലയിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് വനം വകുപ്പ് വനമേഖലയിലുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തി വളരെ വിശദമായ മുൻകരുതലുകളും നടപടികളും ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.<br><br>ഓരോ ഫോറസ്റ്റ് ഡിവിഷനു കീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ High/Moderate/Low എന്നിങ്ങനെ വിവിധ സാധ്യതാ മേഖലകളായി തരംതിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ സ്കീമുകളിലും, |

പദ്ധതികളിലും ലഭ്യമായ തുക ക്രോഡീകരിച്ച് കാട്ടുതീ ഉണ്ടാകുവാനുള്ള സാധ്യത കണക്കിലെടുത്ത് അവയ്ക്ക് അനുസരണമായി തുക വിനിയോഗിച്ചുവരുന്നു. തീ പടർന്ന് പിടിക്കാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ ഫയർ ലൈനുകൾ ജനുവരി അവസാനത്തോടെ തന്നെ തെളിച്ചുകഴിഞ്ഞു. കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

കാട്ടുതീയുടെ സാന്നിധ്യം എത്രയും വേഗം കണ്ടെത്തുവാനും ബന്ധപ്പെട്ട ജീവനക്കാർക്ക് ആയത് നിയന്ത്രിക്കുന്നതിലേയ്ക്ക് ആവശ്യമായ നിർദ്ദേശം നല്കുന്നതിലേയ്ക്ക് സംസ്ഥാന വ്യാപകമായി സ്ഥിരം/താൽക്കാലിക വാച്ച് ടവറുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കാട്ടുതീ ഉണ്ടായാൽ ഉടൻ തന്നെ അതിനെ ഫലപ്രദമായി നിയന്ത്രിക്കാനായി ഫയർമസ്ദൂർമാരെയും, പ്രായേണ വലിയ തീയെ നേരിടാൻ ഫയർ ഗ്യാങ്ങുകളെയും നിയമിച്ചിട്ടുണ്ട്.

വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ്

കമ്മിറ്റികളുടെ നേതൃത്വത്തിൽ ജനവാസ മേഖലയോട് അടുത്ത വനമേഖലകളിൽ കാട്ടുതീ പ്രതിരോധ/ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഇത്തരം കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള നൈപുണ്യം ഫയർ & റസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാർക്ക് നല്കി വരുന്നുണ്ട്. കാട്ടുതീയെ പ്രതിരോധിക്കുന്നതിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളും പ്രത്യേക ബൂട്ട്സ്, ഹെൽമെറ്റ്, വസ്ത്രങ്ങൾ എന്നിവയും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ചു നിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും വേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ ആഴം കൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും, പുതുതായി ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇനിയും തുടരുന്നതാണ്.

ഈ വർഷം കാട്ടുതീ മൂലമുണ്ടാകുന്ന ആപത്തിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാർ ആക്കുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ അവരെ ഭാഗഭാക്കാക്കുന്നതിന്റെയും ഭാഗമായി പോസ്റ്ററുകൾ, ബാനറുകൾ, റാലികൾ, തിയറ്ററുകളിൽ സ്ലൈഡുകൾ, തെരുവ് നാടകങ്ങൾ തുടങ്ങിയവയും സംഘടിപ്പിച്ച് വരുന്നു.

| | |
|---|---|
| (ബി) വനത്തിനുള്ളിലെ ജലക്ഷാമം, കാട്ടുതീ സാധ്യതകൾ തോട്ടങ്ങളിലുണ്ടാകുന്ന അപ്രതീക്ഷിത തീപിടുത്തങ്ങൾ എന്നിവയുടെ കാര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോ? | (ബി) വനത്തിനുള്ളിലെ ജലക്ഷാമം, കാട്ടുതീ സാധ്യതകൾ, തോട്ടങ്ങളിലുണ്ടാകുന്ന അപ്രതീക്ഷിത തീപിടുത്തങ്ങൾ എന്നിവയുടെ കാര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പ് തുടർന്നും കർശനമായ ജാഗ്രത പുലർത്തുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ